# അടിസ്ഥാനപാഠാവലി - 10, episode-2

## ഒപ്പമിരിക്കാം ഒന്നിച്ച് മുന്നേറാം- ക്ലാസ്സ് സംഗ്രഹം

ക്ലാസ്സ് അവതരണം- ടി.കെ.ജോഷി, GHSS തടത്തിൽ പറമ്പ്
വി.ഉണ്ണികൃഷ്ണൻ.DUHSS - ഉത

1. "ഏകാന്തപഥികൻ ഞാൻ............." എന്ന് തുടങ്ങുന്ന സിനിമ ഗാനം കേട്ടില്ലേ.ഏത് സിനിമയിലെ ഗാനമാണ്?

2.1971 ൽ പുറത്തിറങ്ങിയ ഈ സിനിമ ഗാനത്തിന്റെ സംഗീത സംവിധായകൻ ആര്? പാടിയതാര്?

3. 'ഉറൂബ് 'എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരൻ ആരാണ്?

4. 'ഉമ്മാച്ചു' എന്ന നോവലിനെ പരിചയപ്പെടുത്തിയ 'കുട്ടി യൂട്യൂബർ' ആരായിരുന്നു?

5. 'വെളിച്ചത്തിന്റെ വിരലുകൾ' എന്ന തലക്കെട്ടിനെക്കുറിച്ച് ഉണ്ണി സാർ സംസാരിച്ചില്ലേ. എന്തെന്ന് പറയാമോ?

6. "ബാപ്പയും മകനും തമ്മിലുള്ള തീവ്രബന്ധത്തിന്റെ ആവിഷ്കാരത്തെക്കുറിച്ച്" ജോഷി സാർ പറഞ്ഞില്ലേ. എന്തായിരുന്നു അത്?

7. സ്നേഹ ബന്ധങ്ങളുടെ ഊഷ്മളത വ്യക്തമാക്കുന്ന പത്താം ക്ലാസ്സിലെ ആദ്യ യൂണിറ്റിലെ ഒരു പാഠഭാഗത്തെക്കുറിച്ച് ക്ലാസ്സിൽ പറഞ്ഞു. പാഠഭാഗം ഏത്?

8. പാവനാടകം നന്നായി ആസ്വദിച്ചില്ലേ.ഏത് കഥയാണ് ക്ലാസ്സിൽ അവതരിപ്പിച്ചത്?

9.പാവനാടകമായി അവതരിപ്പിച്ച കഥ ആരുടെ രചന?

10. അച്ഛന്റെ മരണത്തോടെ 'വീട്ടിലെ അവസ്ഥകളോട് മാനസികമായി പരുവപ്പെടുന്ന' ഒരു കഥാപാത്രത്തെക്കുറിച്ച് സൂചിപ്പിച്ചു.പത്താം ക്ലാസ്സിലെ ഈ പാഠഭാഗം ഏത്?

11. വ്യക്തിപരമായ ദു:ഖങ്ങളും സാമൂഹ്യപ്രശ്നങ്ങളും വിഷയമായി വരുന്ന ധാരാളം കവിതകൾ മലയാളത്തിലുണ്ട്? - ഇതേക്കുറിച്ച് സംസാരിച്ചപ്പോൾ ജോഷി സാർ സൂചിപ്പിച്ച പ്രധാന *കവികൾ* ആരെല്ലാം?

12. "മാറ്റുവിൻ ചട്ടങ്ങളെ സ്വയ,മല്ലെങ്കിൽ
   മാറ്റുമതുകളീ നിങ്ങളെത്താൻ" -ആരുടെ വരികളാണ്?

13. "സ്ത്രീത്വത്തിന്റെ അഭിമാനപ്രതീകമായി സീതയെ അവതരിപ്പിക്കുന്നആശാന്റെ

കൃതിയെ"ക്കുറിച്ച് പ്രജിത ടീച്ചർ സംസാരിച്ചല്ലോ. കൃതിയേത്?

14. ഗുരുദേവന്റെയും ആശാന്റെയും ദർശനങ്ങളെക്കുറിച്ച് ഗായത്രി ടീച്ചർ സംസാരിച്ചു. ഇവിടെ 'ചിന്നസാമി' എന്ന് വിശേഷിപ്പിച്ചത് ആരെ?

15."അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ "- ആരുടെ വരികൾ?

16.'ആശാന്റെ വരികളിലൂടെ.... ' - കുമാരനാശാന്റെ ശക്തമായ നിലപാടുകളെക്കുറിച്ച് ഷംല ടീച്ചർ സംസാരിച്ചല്ലോ. ഏതായിരുന്നു ആ നിലപാട്?

17. ശ്രീനാരായണഗുരുവിനെപ്പോലെ തന്നെ കർമ്മശ്രേഷ്ഠനായ ഒരു വ്യക്തിയെ ക്ലാസ്സിൽ പരിചയപ്പെടുത്തി ? ആരായിരുന്നു.?

18. ജവഹർലാൽ നെഹ്റുവിലെ എഴുത്തുകാരനെ പരിചയപ്പെടുന്ന 'ഒരു പാഠഭാഗം ഒമ്പതാം ക്ലാസ്സിൽ' നിങ്ങൾ പഠിച്ചിട്ടുണ്ട്. പാഠഭാഗം ഏത്?

19. എൻ.എൻ. കക്കാടിന്റെ കവിത നിങ്ങൾ ആസ്വദിച്ചില്ലേ. കവിതയേത്?

20. പത്താം ക്ലാസ്സിൽ പഠിക്കാനുള്ള,അമ്മ മക്കൾ ബന്ധത്തിന്റെ - ഹൃദയസ്പർശിയായ ഒരു കവിതയെക്കുറിച്ച് സൂചിപ്പിച്ചു.കവിയാര്? കവിതയേത്?

--------------------------------------------------------------------------------

BY:
**SURESH AREEKODE**,HST(Malayalam),GHSS.Areekode,**PH:9562521509.**
**Visit my youtube**:***mukulam malayalam*** for Video lessons,PDF Notes,Question paper discussions,Model questions paper with answer keys, one score two score questions and answers.**Email:sbtckr@gmail.com**